# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5454 — 27.03.2018 -ൽ മറുപടിയ്ക്ക്

## റബ്ബറിന്റെ താങ്ങുവില ഉയർത്താൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.രാജു എബ്രഹാം | ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി) |
| (എ) റബ്ബറിന് സർക്കാർ നിശ്ചയിച്ചിരിക്കുന്ന താങ്ങുവില എത്ര രൂപയാണ്; ഇത് കർഷകർക്ക് നൽകുന്നത് എങ്ങനെയാണ്; വ്യക്തമാക്കാമോ; | (എ) റബ്ബറിന് വിലസ്ഥിരത ഉറപ്പാക്കുന്നതിന് റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് പദ്ധതി നടപ്പിലാക്കി വരുന്നു. സർക്കാർ ധനകാര്യവകുപ്പും, റബ്ബർബോർഡും സംയുക്തമായിട്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും, റബ്ബർ ബോർഡ് കിലോയ്ക്ക് അതതു ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർബോർഡ് സാക്ഷ്യപ്പെടുത്തിയ അടിസ്ഥാനത്തിൽ സബ്സിഡിയായി, രജിസ്റ്റർചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നൽകുന്നു. പദ്ധതിയിൽ കിലോയ്ക്ക് 150 രൂപയാണ് ഇപ്പോൾ താങ്ങുവിലയായി കണക്കാക്കുന്നത്. ഒരു ഹെക്ടറിന് പ്രതിവർഷം പരമാവധി 1800 കിലോഗ്രാം റബ്ബറിനാണ് ആനുകൂല്യം നൽകുന്നത്. 5 ഹെക്ടറിന് താഴെ കൃഷി ഭൂമിയുള്ള കർഷകർക്ക് പരമാവധി രണ്ടു ഹെക്ടറിന് റബ്ബർ കൃഷിയ്ക്ക് സബ്സിഡി ലഭിക്കും. റബ്ബർ ബോർഡിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സബ്സിഡി തുക അനുവദിച്ചുകൊണ്ട് ധനകാര്യവകുപ്പ് പുറപ്പെടുവിക്കുന്ന സർക്കാർ ഉത്തരവ് പ്രകാരമുള്ള തുക കൃഷി ഡയറക്ടർ ബന്ധപ്പെട്ട സർക്കാർ അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കുന്നു. പ്രസ്തുത അക്കൗണ്ടിൽനിന്നും സബ്സിഡി വിതരണത്തിന് അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുകയും, റബ്ബർ കർഷകർക്ക് അർഹമായ സബ്സിഡി തുക അതാത് അക്കൗണ്ടിലേയ്ക്ക് ഇലക്ട്രോണിക്സ് ട്രാൻഫർ മുഖേന വിതരണം നടത്തി വരികയും ചെയ്യുന്നു. ഈ പദ്ധതിയിൻ കീഴിൽ RSS-1,2,3,4,5 ലാറ്റക്സ് എന്നീ തരം റബ്ബറുകൾക്ക് സബ്സിഡി നൽകി വരുന്നു. പദ്ധതിയുടെ മൂന്നാം ഘട്ടം 2017 ജൂലൈയിൽ തുടങ്ങി 2018 ജൂണിൽ അവസാനിക്കുന്ന തരത്തിൽ നിലവിൽ നടപ്പിലാക്കി വരികയാണ്. |

(- - - 2)

| | | | |
|---|---|---|---|
| (ബി) | റബ്ബർ കർഷകർക്ക് സബ്സിഡി തുക വിതരണം ചെയ്യുന്നതിൽ എന്തെങ്കിലും തടസ്സങ്ങൾ നേരിട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊല്ലാം; ഇവ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് സ്കീമിന് കീഴിൽ റബ്ബർ കർഷകർക്ക് സബ്സിഡി തുക വിതരണം ചെയ്യുന്നതിന് നിലവിൽ തടസ്സങ്ങളൊന്നുമില്ല. 07/03/2018 വരെ റബ്ബർ ബോർഡ് പരിശോധിച്ച് അംഗീകരിച്ച് മുഴുവൻ ബില്ലുകളുടേയും സബ്സിഡി തുക കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് കൈമാറിയിട്ടുണ്ട്. ഇതിൽ 2018 ഫെബ്രുവരി മാസം വരെയുള്ള ബില്ലുകൾ ഉൾപ്പെട്ടുത്തിയിട്ടുണ്ട്. |
| (സി) | ജീവിതച്ചെലവ് വർദ്ധിച്ച സാഹചര്യത്തിൽ റബ്ബറിന്റെ താങ്ങുവില 200 രൂപയാക്കി ഉയർത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | കേന്ദ്ര സർക്കാർ ദേശീയ റബ്ബർ നയം പരിഷ്കരിക്കുമ്പോൾ ചെറുകിട നാമമാത്ര കർഷകരുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടണമെന്നും, കേന്ദ്ര സർക്കാരിന്റെ ലൈവലി ഹുഡ് സെക്യൂരിറ്റി ബോക്സിലും രാജ്യാന്തര വാണിജ്യ - വ്യവസായ കരാറുകളിലും സ്വാഭാവിക റബ്ബറിനെ ഉൾപ്പെടുത്തണമെന്നും, ആസിയാൻ രാജ്യങ്ങളിൽ നിന്നുള്ള റബ്ബർ ഇറക്കുമതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണണമെന്നും ബഹു. കൃഷി വകുപ്പ് മന്ത്രി കേന്ദ്ര വാണിജ്യ - വ്യവസായ വകുപ്പ് മന്ത്രിയെ 22/2/2018-ൽ നേരിൽ കണ്ട് ആവശ്യപ്പെട്ടിട്ടുണ്ട്. ബഹു. കേന്ദ്ര മന്ത്രിയുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ കേരളത്തിലെ റബ്ബർ കർഷകരുടെ വിവിധ ആവശ്യങ്ങൾക്ക് യുദ്ധകാലാടിസ്ഥാനത്തിൽ പരിഹാരം കാണുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു ജോയിന്റ് ടാസ്ക്ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. കേരള ചീഫ് സെക്രട്ടറി ചെയർമാനായ കമ്മിറ്റി 23.03.2018-ൽ തിരുവനന്തപുരത്ത് യോഗം ചേർന്ന് കേരളത്തിലെ റബ്ബർ കർഷകർ നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്തു. രണ്ട് മാസത്തിനകം അന്തിമ റിപ്പോർട്ട് സമർപ്പിക്കുവാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. കൂടാതെ ഉല്പാദന ചെലവിന് ആനുപാതികമായി സ്വാഭാവിക റബ്ബറിന്റെ വില നിശ്ചയിക്കുന്ന കാര്യവും, റബ്ബറിന് സംസ്ഥാന സർക്കാർ നൽകി വരുന്ന ഉല്പാദക ബോണസ് 150/- രൂപയിൽ നിന്നും 200/-രൂപയായി വർദ്ധിപ്പിക്കുന്ന കാര്യവും കമ്മിറ്റി യിൽ ചർച്ച ചെയ്തു. |

**സെക്ഷൻ ഓഫീസർ**